**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് സുസ്ഥിര വികസന മാതൃകയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സുസ്ഥിര വികസന മാതൃകയിൽ ഉള്ള പദ്ധതികളാണ്.<br><br>17 സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് യുണൈറ്റഡ് നേഷൻസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ഇവ തന്നെയാണ് കേരളത്തിലും പിന്തുടരുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 7.3 ഖണ്ഡിക (2030-ഓടെ ഊർജ്ജ കാര്യക്ഷമത ഇരട്ടിയാക്കും) കൈവരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളാണ് ഇ.എം.സി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.<br><br>ഇ.എം.സി വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ച് ദേശീയ തലത്തിൽ കേരളത്തിന് അംഗീകാരവും ലഭിക്കുകയുണ്ടായി. **2018** മുതൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ്ജ സംരക്ഷണവും മറ്റ് പ്രവർത്തനങ്ങളും പരിശോധിച്ച് സംസ്ഥാനതല ഊർജ്ജ കാര്യക്ഷമത സൂചിക **(SEEI)** പ്രസിദ്ധീകരിച്ചതിൽ **2018, 2022, 2023** എന്നീ വർഷങ്ങളിൽ കേരളം സൂചികയിൽ മുമ്പിലെത്തി.<br><br>ഊർജ്ജ സംരക്ഷണം നടപ്പാക്കുന്നതിനും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് . ലക്ഷ്യം ഇനിയും അകലെയാണ് .<br><br>ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിനും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ആവിഷ്കരിച്ച **(1) DELP (Domestic Efficient Lighting** |

| | | | |
|---|---|---|---|
| | | | **Programme)-** പരമ്പരാഗത **CFL/ICL** ബൾബുകൾക്കു പകരമായി **LED** ബൾബുകൾ വിതരണം ചെയ്ത പദ്ധതി, **(2)** കേരള സർക്കാരിന്റെ ഫിലമെന്റ് രഹിത പദ്ധതി - പരമ്പരാഗത ബൾബുകൾക്കു പകരമായി **9W** ന്റെ **LED** ബൾബുകൾ വിതരണം ചെയ്തു വരുന്ന പദ്ധതി **(3)** നിലാവ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരമായി **LED** വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നിവ കെ.എസ് .ഇ.ബി.എൽ നടപ്പിലാക്കിയിട്ടുണ്ട് . കൂടാതെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| (ബി) | എനർജി മാനേജ്മെന്റ് സെന്റർ ഈ ദിശയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | എനർജി മാനേജ്മെന്റ് സെന്റർ ഈ ദിശയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കാറുണ്ട്.<br><br>കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് ഡിപ്പാർട്ട്മെന്റ് തലത്തിൽ നടത്തുന്ന വിശകലന യോഗങ്ങളിലും, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ വിശകലന യോഗങ്ങളിലും കൂടാതെ വർഷത്തിൽ ഓരോ തവണ ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ഇ.എം.സി യുടെ ഗവേർണിങ്ങ് ബോഡി യോഗത്തിലും പ്രവർത്തനം വിശകലനം ചെയ്യാറുണ്ട്. |
| (സി) | വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രചാരണ പരിപാടികൾ ഇ.എം.സി സംഘടിപ്പിക്കാറുണ്ട്. ഗാർഹിക ഉപഭോക്താക്കൾ, സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ മേഖലയിലെ ഉദ്യോഗസ്ഥർ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർ, വൈദ്യുത ഉപകരണങ്ങളുടെ വ്യാപാരികൾ, വിദ്യാർത്ഥികൾ എന്നിവർക്കായി ഇ.എം.സി വിവിധ തരത്തിലുള്ള ബോധവത്കരണ പ്രചാരണ പരിപാടികൾ നടത്തിവരുന്നു.<br><br>വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണത്തിന് വിവിധതരത്തിലുള്ള വ്യാപക പ്രചരണ പരിപാടികൾ കെ.എസ്.ഇ.ബി.എൽ നടത്താറുണ്ട്. അതിനായി വാർത്താക്കുറിപ്പുകൾ, പരസ്യങ്ങൾ, സ്കൂൾ കുട്ടികൾക്കായി വിവിധ മത്സരങ്ങൾ, സ്കൂളുകൾ, റെസിഡൻസ് അസോസ്സിയേഷൻ എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ബോധവത്കരണ ക്ലാസ്സുകൾ, NSS, NCC പ്രവർത്തകർക്കായി വ്യത്യസ്ത പരിപാടികൾ എന്നിവ നടപ്പാക്കുന്നു. ഇക്കഴിഞ്ഞ മാസങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായ സമയത്ത് പത്രദൃശ്യശ്രവ്യ മാധ്യമങ്ങളുടെ സഹകരണത്തോടെ ഊർജ്ജ സംരക്ഷണ സാക്ഷരത പരിപാടി സംഘടിപ്പിച്ചു. അതിന് മികച്ച തോതിൽ ബഹുജന പിന്തുണ ലഭിക്കുകയും ചെയ്തു. |
| (ഡി) | ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനായി നടപ്പാക്കുന്ന നൂതന പരിപാടികളെക്കുറിച്ച് വിശദമാക്കുമോ? | (ഡി) | ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനായി നടപ്പാക്കുന്ന നൂതന പരിപാടികളാണ് "അംഗൻജ്യോതി", കൂൾ റൂഫ് എന്നീ പദ്ധതികൾ.<br><br>അങ്കണവാടികളെ സമ്പൂർണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് ലക്ഷ്യം വെച്ചു കൊണ്ടാണ് "അംഗൻ ജ്യോതി" പദ്ധതി നടപ്പിലാക്കുന്നത്.<br><br>കേരളത്തിലെ അന്തരീക്ഷ താപനില വർധിക്കുന്ന സാഹചര്യത്തിൽ, 'കൂൾ റൂഫ് സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ കെട്ടിടങ്ങളിലെ ചൂട് കുറയ്ക്കുവാൻ സാധിക്കും.<br><br>ഊർജ്ജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ നൽകുന്നതുൾപ്പെടെയുള്ള നൂതന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ വ്യാപകമാക്കാൻ ലക്ഷ്യമിടുന്നു. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE)യുമായി ചേർന്ന് ഊർജ്ജക്ഷമതയുള്ള BLDC ഫാൻ കുറഞ്ഞ നിരക്കിൽ എല്ലാ ഉപഭോക്താക്കൾക്കും നൽകാനുള്ള പദ്ധതി, ആദിവാസികൾ ഉൾപ്പെടെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തിന് എപ്പോഴും വൈദ്യുതി വെളിച്ചം കുറഞ്ഞ ചെലവിൽ ലഭിക്കാൻ LED വിളക്കുകളുടെ വ്യാപനം എന്നിവ ലക്ഷ്യമിടുന്നു.<br><br>ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് കെ .എസ് .ഇ . ബി.എൽ കാര്യാലയങ്ങളിലും, കെട്ടിടങ്ങളിലും ഊർജ്ജ ക്ഷമതയുള്ള BLDC ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ